KASE നൽകുകയാണ് ചെയ്യുന്നത്. എന്നാൽ പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെയുള്ള നിയമനം എന്നിവ വ്യാവസായിക പങ്കാളികളുടെ ചുമതലയാണ്. ആയതിനാൽ KASE-ന്റെ മികവിന്റെ കേന്ദ്രങ്ങൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനത്തെ സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യം നിലവിലില്ല.

അഗ്രോ മെഷിനറി പവർ എഞ്ചിനീയറിംഗ് കോഴ്സ്

281(4291) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്ക് ആവശ്യമായ ഉപകരണങ്ങളെക്കുറിച്ച് പഠിപ്പിക്കുന്ന എൻ.എസ്.ക്യു.എഫ്. കോഴ്സായ അഗ്രോ മെഷിനറി പവർ എഞ്ചിനീയറിംഗ് (മെക്കാനിക്കൽ സർവ്വീസസ് അഗ്രോമെഷിനറി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കോഴ്സ് കൂടുതൽ സ്കൂളുകളിൽ അനുവദിക്കാൻ തയ്യാറാകുമോ?

3 സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. കൂടുതൽ സ്കൂളുകളിൽ അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാറ്റഗറി നമ്പർ 153/2014 മെക്കാനിക്കൽ സർവീസിംഗ് അഗ്രോമെഷിനറി എന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിക്കുപോലും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) മെക്കാനിക്കൽ സർവീസിംഗ് അഗ്രോമെഷീനറി കോഴ്സ് പുതിയതായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യ കാരണങ്ങളാലുള്ള ട്രാൻസ്ഫർ

282(4292) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം എംപ്ലോയ്മെന്റ് വകുപ്പിൽ പൊതുമാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി എത്ര ഉദ്യോഗസ്ഥർക്ക് ആരോഗ്യ കാരണങ്ങളാൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly